(ഡി) 2001 മേയ് മുതൽ ഇതുവരെയായി എത്ര സംഖ്യ കുടിശ്ശികയായി പിരിഞ്ഞുകിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ഉപയോഗിച്ചതിന് 30-9-2004 വരെയുള്ള കാലയളവിൽ 1204.39 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 121.85 കോടി രൂപയും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 444.46 കോടി രൂപയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 20.30 കോടി രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.

(സി) ഉണ്ട്.

(ഡി) 2001 മേയ് മുതൽ എച്ച്.ടി., ഇ.എച്ച്.ടി. വിഭാഗത്തിൽ ഏകദേശം 220 കോടി രൂപയും, എൽ.റ്റി. വിഭാഗത്തിൽ 274.72 കോടി രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ഇ) ബോർഡിന്റെ വരുമാനക്ഷമത 98-99 ശതമാനം ആയി വർദ്ധിപ്പിക്കാനും, ഇതിനുവേണ്ടി ഒരു കർമ്മസമിതി രൂപീകരിക്കാനും, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള കുടിശ്ശിക ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കാനും കുടിശ്ശിക പിരിവിനെപ്പറ്റിയും കിട്ടാക്കടങ്ങൾ എഴുതിത്തള്ളുന്നതിനെപ്പറ്റിയുമുള്ള വിശദാംശങ്ങൾ അറിയിക്കാനും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ നഷ്ടം

3 [3347] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബോർഡിന്റെ നഷ്ടം നികത്തുന്നതിന് ഗവൺമെന്റിൽ നിന്നും ധന സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡിന് വിദേശങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് സാദ്ധ്യത ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 16-3-1995-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 13/95/പി.ഡി. പ്രകാരം ഏതെങ്കിലും വർഷത്തിൽ ബോർഡിന് അടിസ്ഥാന മൂലധനത്തിന്റെ (ക്യാപ്പിറ്റൽ ബേസ്) മൂന്നു ശതമാനമെങ്കിലും വരുമാനമുണ്ടാക്കാൻ സാധിക്കാത്ത ഘട്ടത്തിൽ അപ്രകാരം കുറവുള്ള തുക സബ്സിഡിയായി വൈദ്യുതി ബോർഡിന് നൽകാമെന്ന് പറഞ്ഞിരുന്നു. ഇങ്ങനെ സബ്സിഡിയായി ലഭിക്കാനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് ബോർഡിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. വാർഷിക കണക്ക് പ്രകാരം ബോർഡ് നഷ്ടത്തിലല്ല പ്രവർത്തിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ സബ്സിഡി തുക ഒഴിവാക്കിയാൽ ബോർഡ് കഴിഞ്ഞ കുറേ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൻപ്രകാരം 2003-2004 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ നഷ്ടം 1007.43 കോടി രൂപയായിരുന്നു.

(ബി) വൈദ്യുതി ബോർഡിന് സർക്കാർ 2002-2003 സാമ്പത്തിക വർഷം 200 കോടി രൂപയും 2003-2004 സാമ്പത്തിക വർഷം 556 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡിന് മുൻവർഷങ്ങളിൽ വിദേശത്തു നിന്നും വായ്പ ലഭിച്ചിരുന്നു. ഇപ്പോൾ ഇൻഡ്യയിൽ നിന്നു തന്നെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാകുന്നതുകൊണ്ട് വിദേശ വായ്പകൾ ഇപ്പോൾ ബോർഡ് സ്വീകരിക്കുന്നില്ല.

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

4 [3348] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരാശരി എത്ര വൈദ്യുതി കണക്ഷനുകൾക്കാണ് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉപഭോഗത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് കൈക്കൊണ്ടു വരുന്ന നടപടികളെ സംബന്ധിച്ചു വിശദമാക്കുമോ;

(സി) ശരാശരി എത്ര കണക്ഷനുകൾക്കും എത്ര യൂണിറ്റ് ഉപഭോഗത്തിനുമാണ് ഒരു ട്രാൻസ്ഫോർമർ മതിയാകുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) ഇതുപ്രകാരം സംസ്ഥാനത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി അനുസരിച്ചും ഉപഭോക്താക്കളുടെ കണക്ടഡ് ലോഡ് കണക്കാക്കിയുമാണ് എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly